Page 1 of 4

പ്രോഗ്രാം- 12.5 മെഗാവാട്ട് പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു വരുന്നു. ഡിസംബർ 2021-ഓടുകൂടി പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ബാക്കിയുള്ള 16500 അപേക്ഷകരിന്മേൽ ഇതിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി (118 മെഗാവാട്ട്), ഏഴ് കമ്പനികളെ തെരഞ്ഞെടുത്ത് തുടർ നടപടികൾ നടത്തിവരുന്നു. 2022 മാർച്ച് 31-ന് പൂർത്തീകരിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആയതിനുള്ള തുടർനടപടികൾ ആരംഭിച്ചുകഴിഞ്ഞു. അനെർട്ട് മുഖേന അക്ഷയ ഊർജ്ജപദ്ധതികൾ നടപ്പിലാക്കുക വഴി കേരളത്തെ ഒരു വൈദ്യുതി മിച്ച സംസ്ഥാനമാക്കുകയും ഹരിത ഊർജ്ജ രൂപങ്ങളുടെ ഉപഭോഗം വർദ്ധിപ്പിക്കുകവഴി പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമിടുന്നു. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക വഴി കൃഷി ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ ഉത്പന്നങ്ങൾക്ക് മൂല്യവർദ്ധനയും അധികവരുമാനവും ജീവിതനിലവാരം മെച്ചപ്പെടുത്തുകയുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഹൈഡ്രജൻ ഇന്ധനം ഉൾപ്പെടെയുള്ള ആധുനിക ഊർജോല്പാദന മാർഗ്ഗങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിടുന്നു. സൗരോർജ്ജ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിലേയ്ക്കായി അനെർട്ട് വിവിധ പദ്ധതികൾ വിഭാവന ചെയ്യുന്നുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു: 1. ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നൽകികൊണ്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കൽ 2. സർക്കാർ സ്ഥാപനങ്ങളുടെ സൗരവൈദ്യുതീകരണം 3. കാർഷിക പമ്പുകളുടേയും മറ്റു അനുബന്ധ ഉപകരണങ്ങളുടെയും സൗരവൽക്കരണം 4. സാദ്ധ്യതയുള്ള ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുക.

ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം

205(219) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം (ഐ.പി.ഡി.എസ്.) ഏത് പദ്ധതിയാണെന്ന് വ്യക്തമാക്കാമോ?

24 മണിക്കൂറും വൈദ്യുതി, ഊർജ്ജ പ്രസരണ/വിതരണ നഷ്ടം കുറയ്ക്കൽ, ഊർജ്ജ ശൃംഖല നവീകരണം എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി നഗര/നഗര-പ്രാന്ത പ്രദേശങ്ങൾക്ക് മാത്രമായി ഭാരത സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം (ഐ.പി.ഡി.എസ്).

(ബി) ഈ പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് നടത്തിയ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും ചെലവഴിച്ച തുക എത്രയാണെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത പദ്ധതിയിൽ താഴെപ്പറയുന്ന ഉപപദ്ധതികൾ ഉൾപ്പെട്ടിരിക്കുന്നു.

1. ഉപപ്രസരണ വിതരണ ശൃംഖലയുടെ ശാക്തീകരണം ഉപപ്രസരണ/ വിതരണ സംവിധാനം ശക്തിപ്പെടുത്തുക, കൺസ്യൂമർ-ഫീഡർ- ട്രാൻസ്ഫോർമർ മീറ്ററിംഗ് എന്നീ ഘടകങ്ങൾക്ക് പുറമേ റൂഫ് ടോപ് സൗരോർജ്ജ പദ്ധതി, സ്മാർട്ട്/നെറ്റ് മീറ്ററുകൾ എന്നീ നിർബന്ധിത ഘടകങ്ങളുമുണ്ട്. സംസ്ഥാന ഡിസ്ട്രിബ്യൂഷൻ റിഫോംസ് കമ്മിറ്റി (DRC) ശിപാർശ ചെയ്ത KSEBL-ന്റെ 25 സർക്കിൾതല പദ്ധതികൾക്കുള്ള 592.07 കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ അംഗീകാരം 15-6-2016-ൽ ലഭിച്ചു. കേരളത്തിലെ 63 പട്ടണങ്ങളെ ഉൾപ്പെടുത്തിയ പ്രസ്തുത പദ്ധതി പൂർത്തിയാക്കുവാൻ ഡിസംബർ 2019 വരെ കാലാവധി നീട്ടി നൽകിയിരുന്നു. ദീർഘിപ്പിച്ച് നൽകിയ സമയപരിധിക്കുള്ളിൽ തന്നെ 25 സർക്കിൾതല പദ്ധതികളും 579.51 കോടി രൂപയ്ക്ക് പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിക്കായി കേന്ദ്ര ഗ്രാന്റ് ആയി 337.88 കോടി രൂപ നാളിതുവരെ ലഭിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പ്രധാന പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത പദ്ധതി പൂർത്തീകരണത്തിനായി ജില്ല തിരിച്ച് ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

ജില്ല	ചെലവഴിച്ച തുക (കോടി) രൂപ
ആലപ്പുഴ	24.25
തൃശ്ശൂർ	37.24
എറണാകുളം	123.25
വയനാട് (കൽപ്പറ്റ)	12.68
കണ്ണൂർ	51.94
കാസർഗോഡ്	27.16
കൊല്ലം	45.56

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കോട്ടയം	28.09
കോഴിക്കോട്	25.14
മലപ്പുറം	41.42
പാലക്കാട്	38.39
പത്തനംതിട്ട	46.84
തിരുവനന്തപുരം	68.25
ഇടുക്കി (തൊടുപുഴ)	9.30
ആകെ	579.51

2. ഈ സ്കീമിന്റെ ഭാഗമായി വിവരസാങ്കേതിക വിദ്യാടിസ്ഥാനത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. (i)കമ്പ്യൂട്ടറധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിന് വേണ്ടി 21 നഗരങ്ങളിൽ രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വിവര സാങ്കേതികവിദ്യ പദ്ധതികൾ (ഫേസ്-2 ഐ.ടി. പദ്ധതി) നടപ്പിലാക്കുന്നു. വിതരണ ശൃംഖലയുടെ ജി.ഐ.എസ്. മാപ്പിംഗ് നടത്തി വൈദ്യുതി നഷ്ടം കുറയ്ക്കാനും ഈ പദ്ധതി വഴി കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയിൽ ഇതുവരെ ചെലവഴിച്ച തുക താഴെ നൽകുന്നു.

തിരുവനന്തപുരം - 6.71 കോടി രൂപ കൊല്ലം - 37 ലക്ഷം രൂപ പത്തനംതിട്ട - 43 ലക്ഷം രൂപ കോട്ടയം - 3 ലക്ഷം രൂപ. ഈ ജില്ലകളിലും ബാക്കി ജില്ലകളിലും പദ്ധതി നിർവ്വഹണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. (ii) വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണനഷ്ടം കുറച്ചുകൊണ്ടു വരുന്നതിന് എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് കെ.എസ്.ഇ.ബി.എൽ.-നുള്ളിൽ പൂർണ്ണമായി നടപ്പിലാക്കുന്ന പദ്ധതിയാണ്. പദ്ധതി നിർവ്വഹണം ജില്ല തിരിച്ചല്ല നടപ്പിലാക്കുന്നത്. ഈ പദ്ധതിക്കായി ഇതുവരെ ചെലവഴിച്ച തുക 10.68 കോടി രൂപയാണ്. പദ്ധതി നിർവ്വഹണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

3. റീയൽ ടൈംഡാറ്റാ അക്വിസിഷൻ സിസ്റ്റം (ആർ.റ്റി.ഡി.എസ്.) നടപ്പിലാക്കി, ഐ.പി.ഡി.എസ്. പട്ടണങ്ങളിലുള്ള സബ്സ്റ്റേഷൻ ഫീഡറുകളുടെ സ്ഥിതി തൽസമയം നിരീക്ഷിച്ച് വൈദ്യുതി വിതരണരംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി

പ്രസരണ വിതരണനഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി ഇതുവരെ തിരുവനന്തപുരം ജില്ലയിൽ 49.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും പദ്ധതി നിർവ്വഹണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) ഈ പദ്ധതി നിലവിലുണ്ടോയെന്നും ഇല്ലെങ്കിൽ ഇനി തുടരാൻ സാധ്യതയുണ്ടോയെന്നും വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ നടപ്പിലാക്കിവരുന്ന ഐ.പി.ഡി.എസ്. പദ്ധതി ഇപ്പോൾ നിലവിലുണ്ട്.

(ഡി) ഈ പദ്ധതിയുടെ കീഴിൽ മുഴുവൻ പഞ്ചായത്തുകളിലും നഗരസഭകളിലും പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ പഞ്ചായത്തിലും നഗര സഭയിലും നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന ഐ.പി.ഡി.എസ്. പദ്ധതി നഗര പ്രദേശങ്ങളിലെ ഊർജ്ജ പ്രസരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും വേണ്ടിയുള്ളതാണ്.

വൈദ്യുതി അപകടരഹിത കേരളം

206(220) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി അപകടരഹിത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ?

ഉണ്ട്. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി ശക്തി കുറഞ്ഞതും പൊട്ടിവീഴാൻ സാദ്ധ്യതയുള്ളതുമായ AAC കണ്ടക്ടറുകൾ പൂർണ്ണമായും ഒഴിവാക്കി, ACSR കണ്ടക്ടറുകൾ സ്ഥാപിക്കുന്നതിനും പഴയ ACSR കണ്ടക്ടർ മാറ്റി പുതിയ ACSR കണ്ടക്ടറാക്കുന്നതിനും കെ.എസ്.ഇ.ബി.എൽ അതീവ പ്രാധാന്യം നൽകിവരുന്നു.

(ബി) വൈദ്യുതി മേഖലയിൽ അപകടസാദ്ധ്യത കുറയ്ക്കുന്നതിനായി അടിസ്ഥാനസൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly